**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 940** **06-02-2023 - ൽ മറുപടിയ്ക്ക്**

**ഉപഗ്രഹ സർവ്വെയുടെ അടിസ്ഥാനത്തിലുള്ള ഭൂപടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സജീവ് ജോസഫ്** | | **ശ്രീ . എ . കെ . ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | ബഫർ സോൺ സംബന്ധിച്ച 2022 ജൂൺ 3-ലെ സുപ്രീം കോടതിയുടെ വിധി വന്നതിനുശേഷം തയ്യാറാക്കിയ ഉപഗ്രഹ സർവ്വെയെക്കുറിച്ച് പരാതികൾ ഉയർന്നതിന്റെ അടിസ്ഥാനത്തിൽ രണ്ടാമത് പ്രസിദ്ധീകരിച്ച ഭൂപടം തയ്യാറാക്കിയത് ഏത് ഏജൻസിയാണെന്നും എന്നാണ് പ്രസ്തുത ഭൂപടം തയ്യാറാക്കിയതെന്നും ഭൂപടത്തിൽ ഭൂമിയുടെ സർവ്വെ നമ്പർ ഉൾപ്പെടുത്തിയിരുന്നോയെന്നും വ്യക്തമാക്കുമോ; | (എ) | ജനവാസ മേഖലയും സർക്കാർ/ അർദ്ധസർക്കാർ/ പൊതുസ്ഥാപനങ്ങളെയും ഒഴിവാക്കിക്കൊണ്ട് വനം വകുപ്പ് 2020 വർഷത്തിൽ തയ്യാറാക്കി സർക്കാരിലേക്ക് സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകളുടെ ഭാഗമായിട്ടുള്ള ഭൂപടങ്ങളാണ് ഉപഗ്രഹസർവ്വേയെക്കുറിച്ച് പരാതികൾ വന്നതിനെ തുടർന്ന് സർക്കാർ വെബ് സൈറ്റിൽ രണ്ടാമതായി പ്രസിദ്ധീകരിച്ചത്. ടി ഭൂപടങ്ങളിൽ സർവ്വേ നമ്പർ ഉൾപ്പെടുത്തിയിരുന്നില്ല. നിലവിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലുള്ളത് ടി പ്രൊപ്പോസലുകളാണ്. |
| (ബി) | പ്രസ്തുത ഭൂപടം സംബന്ധിച്ച് പരാതികൾ ഉയർന്നതിന്റെ അടിസ്ഥാനത്തിൽ സർവ്വെ നമ്പർ ഉൾപ്പെടുത്തി പിന്നീട് ഭൂപടം പ്രസിദ്ധീകരിച്ചിട്ടുണ്ടോയെന്നും എങ്കിൽ ഇപ്രകാരം പ്രസിദ്ധീകരിച്ചത് എന്നാണെന്നും അറിയിക്കാമോ; | (ബി) | പ്രസ്തുത ഭൂപടം സംബന്ധിച്ച് പൊതുജനങ്ങൾക്ക് കൂടുതൽ വ്യക്തത വരുത്തുന്നതിനായി കേരള സംസ്ഥാന റിമോർട്ട് സെൻസിംഗ് ആൻറ് എൻവയോൺമെൻറ് സെൻറർ ടി ഭൂപടങ്ങളിൽ പഞ്ചായത്ത് അടിസ്ഥാനത്തിൽ സർവ്വേ നമ്പർ കൂടി ഉൾപ്പെടുത്തുകയും ആയത് 28-12-2022-ൽ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. |
| (സി) | പ്രസ്തുത ഭൂപടത്തിന്റെ അടിസ്ഥാനത്തിൽ ബഫർ സോൺ മേഖലയിൽ ഉൾപ്പെട്ടിട്ടുള്ള ജനവാസ കേന്ദ്രങ്ങൾ സംബന്ധിച്ച് പരാതി നൽകുന്നതിന് എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്; ഇത് സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചുവെന്നും എത്ര എണ്ണത്തിന് തീർപ്പ് കൽപ്പിച്ചുവെന്നും ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ? | (സി) | സർക്കാർ പ്രസിദ്ധീകരിച്ച ഭൂപടത്തിന്റെ അടിസ്ഥാനത്തിൽ പൊതുജനങ്ങൾക്ക് പരാതികൾ / നിർദ്ദേശങ്ങൾ അറിയിക്കാനുള്ള പ്രൊഫോർമയും വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. പൊതുജനങ്ങൾക്ക് ഇത് സംബന്ധിച്ചുള്ള പരാതികൾ ജനുവരി 7-നകം അറിയിക്കുന്നതിന് അവസരം നൽകിയിരുന്നു. ജനങ്ങളിൽ നിന്നും ലഭിക്കുന്ന വിവരങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ തരം തിരിച്ച് പരിശീലനം ലഭിച്ച വനം വകുപ്പ് / തദ്ദേശ സ്വയംഭരണ വകുപ്പ് ജീവനക്കാർ മുഖേന വെരിഫിക്കേഷൻ നടത്തി വിദഗ്ധ സമിതി തുടർനടപടി സ്വീകരിക്കുകയാണ് ചെയ്യുന്നത്. അപ്രകാരം ലഭിച്ച 63615 പരാതികളിൽ 02.02.2023 വരെ 62640 പരാതികൾക്ക് പരിഹാരം |

| | | | |
|---|---|---|---|
| | | | കാണുകയും ചെയ്തിട്ടുണ്ട്.<br>ഓരോ വന്യജീവി സങ്കേതം/ നാഷണൽ പാർക്കുമായി ബന്ധപ്പെട്ട് ലഭിച്ചതും തീർപ്പാക്കിയതുമായ പരാതികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## <u>അനുബന്ധം</u>

| വന്യജീവി സങ്കേതം/ നാഷണൽ പാർക്ക് | ലഭിച്ച പരാതികൾ | തീർപ്പാക്കിയ പരാതികൾ (31-01-2023 വരെ) |
|---|---|---|
| പേപ്പാറ | 15 | 15 |
| നെയ്യാർ | 4595 | 4595 |
| ശെന്തുരുണി | 1226 | 1226 |
| ആറളം-കൊട്ടിയൂർ | 2875 | 2875 |
| മലബാർ | 5524 | 5524 |
| പീച്ചി-വാഴാനി, ചിമ്മിനി, ചൂലന്നൂർ | 11108 | 11108 |
| മംഗളവനം | 235 | 235 |
| കരിമ്പുഴ | 188 | 188 |
| മൂന്നാർ | 6156 | 6156 |
| ഇടുക്കി | 10516 | 10516 |
| തട്ടേക്കാട് | 1031 | 1031 |
| പെരിയാർ | 119 | 119 |
| വയനാട് | 16047 | 15072 |
| പറമ്പിക്കുളം | 2243 | 2243 |
| സൈലന്റ്‌വാലി | 1737 | 1737 |
| **ആകെ** | **63615** | **62640** |